# കേരള സർക്കാർ
# കേരള സംസ്ഥാന ഭൂനയം
# (കരട്)

## റവന്യൂ വകുപ്പ്, തിരുവനന്തപുരം

## കരട്

## കേരള സംസ്ഥാന ഭൂനയം

## ആമുഖം

വായുവും ജലവും മണ്ണും അതിലെ ജൈവസമ്പത്തും ജീവസന്ധാരണത്തിന് അന്ത്യന്താപേക്ഷിതമായ പ്രകൃതി വിഭവങ്ങളാണ്. ഭക്ഷ്യോത്പാദനത്തിനും വസ്ത്രം, പാർപ്പിടം, വ്യവസായങ്ങൾ മുതലായവയ്ക്കുള്ള അസംസ്കൃത വസ്തുക്കൾക്കും ഭൂമിയാണാധാരം സമൂഹത്തിന്റ നാനാ തുറകളിലുമുള്ള പുരോഗതി ഭൂവിനിയോഗരീതിയേയും ഭൂമിയുടെ ഉൽപ്പാദനക്ഷമതയേയും സുസ്ഥിരതയേയും ബാധിയ്ക്കും. ആയതിനാൽ ശാസ്ത്രീയമായ ഭുവിനിയോഗമായിരിക്കണം മാനവ പുരോഗതിക്കടിസ്ഥാനം.

കേരളം ഭൂമിശാസ്ത്രപരമായും ആവാസരീതിയിലും സാംസ്കാരികമായും ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തീർത്തും വ്യത്യസ്ഥമാണ്. ഭാരതത്തിന്റെ 1.18% ല(38,863 ച.കി.മി) മാത്രം വിസ്തീർണ്ണമുള്ള കേരളത്തിൽ 2001-ലെ സെൻസസ് പ്രകാരം ജനസംഖ്യ 31841374 ആണ്. ജനസാന്ദ്രതയാകട്ടെ ഒരു. ച.കി.മീറ്ററിന് 819 ആകുന്നു. പ്രകൃതി വിഭവങ്ങളുടെ ഉപഭോഗം വർദ്ധിയ്ക്കുന്നത് ജനസംഖ്യയും ജനസാന്ദ്രതയും കൊണ്ടു മാത്രമല്ല സാക്ഷരത വരുമാനം ജീവിത നിലവാരം, സുഖഭോഗങ്ങൾ അറിവും പ്രവർത്തനക്ഷമതയും കമ്പോള വ്യവസായിക രീതികൾ തുടങ്ങിയവയൊക്കെ പ്രകൃതി വിഭവ വിനിയോഗത്തെ ബാധിക്കും. കേരള ജനത ഇക്കാര്യത്തിലൊക്കെത്തന്നെ വ്യത്യസ്ഥത പുലർത്തുന്നുണ്ട്. കേരളത്തിലെ കൃഷിഭൂമിയും ഗൃഹനിർമ്മാണ സ്ഥലങ്ങളും വ്യാവസായിക പട്ടണ മേഖലകൾ പോലും വേർതിരിക്കാനാവാത്ത രീതിയിലാണ് നമ്മുടെ ഭൂവിനിയോഗം അതുകൊണ്ടു തന്നെ തനതായ ഭൂവിനിയോഗനയമാണ് നമുക്കനുയോജ്യം.

ഭൂ വിഭവങ്ങളുടെ കാര്യത്തിൽ കേരളം സമൃദ്ധമാണ്. സമുദ്ര നിരപ്പിൽ നിന്നും 0.8 മീ. താഴെ (കുട്ടനാട്, കോൾ നിലങ്ങൾ) മുതൽ 2500 മീ മുകളിൽ (മൂന്നാർ, ആനമുടി) വരെ നമ്മുടെ ഭൂപ്രദേശം വ്യാപിച്ചിരിക്കുന്നു. നമ്മുടെ വനങ്ങൾ നിരവധി വില പിടിച്ച പ്രകൃതി വിഭവങ്ങളുടെ കലവറയാണ്. വിവിധതരം (38) മണ്ണിനങ്ങളും ശരാശരി 3000 മി.മീ മഴയും 580 കി.മീ ദൈർഘ്യമുള്ള സമുദ്രതീരവും ചെറുതും വലുതുമായ 44 നദികളും 33-ൽ പരം കായലുകളും 3 വലിയ ശുദ്ധജലതടാകങ്ങളും ഭൂമിയുടെ നിമ്നോന്നതയും വർഷം മുഴുവനുമുള്ള സൂര്യ പ്രകാശവും ചേർന്നുണ്ടാകുന്ന വൈവിദ്ധ്യമാർന്ന ആവാസവ്യവസ്ഥകളാണ് കേരളത്തെ ജൈവസമ്പുഷ്ടമാക്കുന്നത്. അതേ സമയം കേരളത്തിൽ ഏകദേശം 15 ലക്ഷം ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന് വിധേയമാണ്.

കേരളത്തിന്റെ തീരപ്രദേശമാകെ ബഹുമുഖമായ ഭീഷണി നേരിടുന്നു. 580 കി മി ദൈർഘ്യമുപള്ള കടലോരത്തിൽ 440 കി മി ദൂരവും കടലാക്രമണ സാധ്യത കൂടിയ പ്രദേശങ്ങലാണ് കടലാകത്രമണം കാരണം പ്രതിവർഷം ശരാശരി 40 കിമി കരഭൂമി നഷ്ടപ്പെടുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ചില പ്രദേശങ്ങളിൽ 5.3 കി മീ ദൂരം വരെ കടൽ കയറുന്നതായും കണ്ടിട്ടുണ്ട്. കടലാക്രണമത്തെ ഫലപ്രദമായി ചെറുക്കാനായില്ലെങ്കിൽ തീരദേശത്തെ ജീവനും സ്വത്തിനും പുറമെ നല്ലൊരു ഭാഗം ഭൂമിയും എന്നെന്നേക്കുമായി നഷ്ടപ്പെടാനുമിടയാകും നഗര വ്യാവസായിക

മാലിന്യങ്ങൾ നിക്ഷേപിക്കുന്ന കുപ്പത്തൊട്ടിയായാണ് നാം കടലിന് കാണുന്നത്. തീരദേശത്തെ അമിത ഭൂഗർഭ ജലചൂഷണം ശുദ്ധജല ലഭ്യത ഇല്ലാതാക്കും.

ഭൗമസംബന്ധിയായ നിരവധി പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ദുരന്ത നിവാരണ നയത്തിനനുസൃതമായ പദ്ധതികൾ നടപ്പിലാക്കേണ്ടതും ദുരന്തങ്ങൾ സംഭവിക്കുവാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി അവിടങ്ങളിൽ നിവരാണ ലഘൂകരണ പ്രതികരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും വേണം.

അശാസ്ത്രീയമായ ഭൂവിനിയോഗത്തിന്റെ ദോഷഫലങ്ങൾ പലരീതിയിൽ പ്രകടമാകുന്നുണ്ട്. അനിയന്ത്രിതമായ മണൽ വാരലും അനധികൃത കയ്യേറ്റവും കാരണം കേരളത്തിലെ നദികളിലേയും കായലുകളിലേയും ജലനിരപ്പും ഗനണനിലവാരവും അടിക്കടി കുറഞ്ഞു വരുന്നു. നെൽപ്പാടങ്ങൾ നികത്തി മറ്റ് വിധത്തിൽ ഉപയുക്തമാക്കുന്നത് ഭൂമിയും പരിതസ്ഥിതിയും നേരിടുന്ന വലിയ ഭീഷണിയാണ്. ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നെൽപ്പാടങ്ങളും മറ്റും സംരക്ഷിക്കുവാനും അവ കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്നത് തടയാനും 1967-ൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു. കൃഷി ചെയ്യാതെ തരിശ്ശിടുന്ന ഭൂമി ഏറ്റെടുക്കുന്നതിന് പോലും ഈ ഉത്തരവ് സർക്കാരിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് ഫലപ്രദമായില്ല എന്ന് കാലം തെളിയിച്ചു കഴിഞ്ഞു.

അനിയന്ത്രിതവും നിയമവിരുദ്ധവുമായ ഭൂവിനിയോഗം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളാണ് നാം അനുഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ. കേരളത്തിന്റെ മണ്ണിനെയും പ്രകൃതി വിഭവങ്ങളേയും കാത്തു സൂക്ഷിക്കുന്നതിനാണ് സംസ്ഥാന സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. അതോടൊപ്പം സംസ്ഥാനത്തിന്റെ പൊതുസ്വത്തായ ഭൂമി സംരക്ഷിക്കുന്നതിനും ഗവൺമെന്റ് പ്രതിജ്ഞാ ബദ്ധമാണ്. സർക്കാരിന്റെ ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാനും പാട്ട വ്യവസ്ഥകൾ ലംഘിച്ച് പലരും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി വീണ്ടെടുക്കാനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ ഇതിന് തെളിവാണ്..

ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും വിലപിടിപ്പുള്ളതും ദുർലഭവുമായ വിഭവമാണ് ഭൂമി. വിസ്തൃമായ വലിയ ഒരു ഭാഗം ഭൂമി സർക്കാരിന്റെ കൈവശമുണ്ട്. ഇതിൽ ബഹുഭൂരിപക്ഷവും പൊതു ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. എങ്കിലും കുറേയേറെ ഭൂമി ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ല. പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള റവന്യൂ ഭൂമി ബോട്ട്-ഇൻ-ലാന്റ് (റവന്യൂ റിക്കവറി നിയമപ്രകാരമുള്ളവ) മിച്ച ഭൂമി ഉപയുക്തമാക്കാത്ത പൊന്നും വിലക്കെടുത്ത് ഭൂമി അന്യം നിന്ന ഭൂമി എന്നിങ്ങനെ വിവിധ തരത്തിലുള്ള ഭൂമി സർക്കാരിന്റെ കൈവശത്തിലുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉപയോഗത്തിനായി വിട്ടുകൊടുത്തിരുന്ന കുറേ ഭൂമി തരിശ്ശായി കിടക്കുന്നു. ഇനിയും കുറേ ഭൂമി വ്യക്തികൾക്കോ സംഘടനകൾക്കോ പാട്ടത്തിന് നൽകിയിരുന്നു. കുറേ ഭൂമി അനധികൃതമായി കയ്യേറി പലരും കൈവശം വച്ചിരിക്കുന്നു സംസ്ഥാനത്തിന്റെ പൊതു സ്വത്തുക്കളുടെ സംരക്ഷകൻ എന്ന നിലയിൽ ഈ ഭൂമിയുടെ പരിപാലനം സർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

കേരളം പോലെ ജനസാന്ദ്രതയേറിയ ഒരു പ്രദേശത്ത് വികസന പ്രവർത്തനങ്ങൾക്കും പൊതു ആവശ്യങ്ങൾക്കും ഭൂമി കണ്ടെത്തുക ദുഷ്കരമായിക്കൊണ്ടിരിക്കുന്നു. പല വികസന പ്രവർത്തനങ്ങൾക്കും വിഘാതമായ ഘടകം ഭൂമി ഏറ്റെടുക്കൽ പ്രശ്നങ്ങളാണ്. വികസനത്തിനും മറ്റും പലപ്പോഴും സ്വകാര്യഭൂമി ഏറ്റെടുക്കേണ്ടതായി വരും. ഇങ്ങനെ ഭൂമി ഏറ്റെടുക്കുമ്പോൾ കൂടിയൊഴിപ്പിക്കപ്പെടുന്നവർ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ് സ്വന്തമായ ഭൂമിയും കിടപ്പാടവും നഷ്ടപ്പെടുന്നതോടൊപ്പം സാമൂഹ്യവും സാംസ്കാരികവുമായ മാനസികവുമായ നിരവധി പ്രതിസന്ധികളെ അവർ അഭിമുഖീകരിക്കേണ്ടി വരും. അതി നാൽ ഇപ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസവും ജീവിത നിലവാരവും ഉറപ്പു വരുത്തുന്നതിനും സാമൂഹ്യ സാംസ്കാരിക ബന്ധങ്ങൾ പുനസ്ഥാപിക്കുന്നതിനുമൊക്കെ സമഗ്രമായ ഒരു കാഴ്ചപ്പാടും മാനവികതയിലധിഷ്ഠിതമായ സമീപനവും സ്വീകരിച്ചേ മതിയാവൂ. സാമൂഹ്യ

സുരക്ഷാ പുനരധിവാസ പദ്ധതിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുകയുള്ളൂ
സംസ്ഥാനത്തെ അനധികൃത കയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും തടയുന്നതിൽ ഒരു വിട്ടുവീഴ്ചയ്ക്കും ഈ സർക്കാർ തയ്യാറല്ല. വ്യാജപട്ടയങ്ങളും കള്ള ആധാരങ്ങളും ഉൾപ്പെടെയുള്ള കൃതിമ രേഖകൾ സൃഷ്ടിക്കുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവന്ന് കഠിനസിക്ഷ ഉറപ്പു വരുത്തുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ് വിവിധ കോടതികളിലും ലാന്റ് ബോർഡിയും ലാന്റ് ട്രീബ്യൂണലുകളിലും നിലവിലുള്ള നിരവധി കേസുകൾ സമയ ബന്ധിതമായി തീർപ്പാക്കി മിച്ചഭൂമി ഏറ്റെടുക്കേണ്ടിയിരിക്കുന്നു സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്കും കിടപ്പാടമില്ലാത്തവർക്കും ഒരു തുണ്ട് ഭൂമിയും ഒരു കൊച്ചു വീടും എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനുള്ള തീവ്ര ശ്രമത്തിലാണ് സർക്കാർ.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ പരിസ്ഥിതി വിനോദ സഞ്ചാരം പൗരാണികം എന്നിങ്ങനെ ശ്രദ്ധേയങ്ങളായ ഒട്ടനവധി കേന്ദ്രങ്ങൾ കൊട്ടാരങ്ങൾ കോട്ടകൾ തുടങ്ങിയ ചരിത്ര സ്മാരകങ്ങൾ ചരിത്രപരവും പുരാവസ്തുപരവുമായി പ്രാധാന്യമുള്ള വിവിധ പ്രദേശങ്ങൾ എന്നിവയുടെ തനിമ നിലനിർത്തേണ്ടതിന്റെ ആവശ്യകത എടുത്തു പറയേണ്ടതില്ല.

ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവും ചരിത്രപരവും പൗരാണികവുമായി സംവേദനക്ഷമവും പ്രാധാന്യം അർഹിക്കുന്നതുമായ കേരളത്തിലെ പ്രദേശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം അവയുടെ തനിമ നിലനിർത്തുകയും സുസ്ഥിര വികസനം ഉറപ്പു വരുത്തുകയും വേണ്ടതുണ്ട്..

പരിസ്ഥിതി സന്തുലനം നിലനിർത്തുകയും ഉറപ്പുവരുത്തുകയും ചെയ്യും വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദുരന്ത നിവാരണത്തിന് അനുയോജ്യമാണ്.

നാല്പത് കൊല്ലം മുമ്പ് ആരംബിത്ത റീ സർവ്വേ പ്രവർത്തനങ്ങൾ പകുതിപോലും പൂർത്തിയായിട്ടില്ല. ഈ സ്ഥിതി തുടർന്നാൽ റീ സർവ്വേ പൂർത്തിയാക്കാൻ ഇനിയും അര നൂറ്റാണ്ട് കൂടി വേണ്ടിവരും ഭൂമിയുടെ പ്രാധാന്യം വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ കൃത്യമായ ഭൂരേഖകളുണ്ടാകേണ്ടത് അനിവാര്യമാണ്.

വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകാവശ്യങ്ങൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള നിരവധി ഏക്കർ സർക്കാർ ഭൂമിയുണ്ട്. നിസ്സാര പാട്ടം നൽകി സംസ്ഥാനത്തിന്റെ സമ്പത്ത് ചിലരെയെങ്കിലും ചൂഷണം ചെയ്യുകയാണ് പാട്ടക്കാലാവധി കഴിയുംമുമ്പേ കപടമാർഗ്ഗത്തിലൂടെ ഭൂമി കയ്യടക്കുകയോ മറ്റുള്ളവർക്ക് വിൽക്കുകയോ ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലാവധി കഴിയുകയും വ്യവസ്ഥകൾ ലംഘിച്ച എല്ലാ പാട്ടക്കരാറുകളും റദ്ദാക്കി ഭൂമി തിരികെ സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതുണ്ട്.

ആദിവാസികൾക്ക് ഭൂമി നൽകുന്ന വിഷയം സമയബന്ധിതമായി പൂർത്തിയാക്കും. 2001-ലെ സെൻസസ് പ്രകാരം സംസ്താനത്തെ ആദിവാസികളുടെ എണ്ണം 364189 ആണ്. 4.082 ഊരുകളിലായി 80 000ത്തോളം ആദിവാസി കുടുംബങ്ങളാണ് ഉള്ളത്. ഇവരിൽ 22000 കുടുംബങ്ങളോളം ഭൂരഹിതരാണ്. 32000 ത്തോളം കുടുംബങ്ങൾക്ക് ഒരേക്കറിൽ താഴെ മാത്രമേ ഭൂമിയുള്ളൂ ഒരു കുടുംബത്തിന് ചുരുങ്ങിയത് ഒരേക്കർ വീതം ഭൂമി നൽകണമെങ്കിൽ 32000 ഏക്കർ ഭൂമി ലഭിക്കേണ്ടതുണ്ട്. ആറളത്തിന് പുറമേ ആദിവാസികൾക്ക് അനുവദിക്കുന്നതിനായി 19000 ഏക്കർ ഭൂമി കൂടി കണ്ടെത്തിയിട്ടുണ്ടെങ്കിലും സുപ്രീം കോടതി യുടെ പാരിസ്ഥിതിക അനുമതി കൂടി ലഭിച്ചാലേ ഭൂമി നൽകുന്ന കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്,

സംസ്ഥാനത്ത് ഭൂമിയിന്മേലുള്ള നിക്ഷേപം വർദ്ധിച്ചു വരുന്നു. സാധാരണക്കാരിൽ നിന്നും പാവപ്പെട്ടവരിൽ നിന്നും ഭൂമി മോഹവില നൽകി വാങ്ങി കൂട്ടുന്ന ലാന്റ് മാഫിയ ശക്തി പ്രാപിക്കുന്നു. ഒരു പിടി സമ്പന്നരുടെ കൈവശം ധാരാളം ഭൂമി എത്തിച്ചേരുവാനും സംസ്ഥാനത്തെ വലിയൊരു ഭൂപ്രദേശം അവരുടെ നിയന്ത്രണത്തിലാകുവാനും ഈ പ്രവണത വഴിവെക്കും. അതോടെ ഭൂമിയുടെ വിനിയോഗവും വിപണനവും നിയന്ത്രിക്കുംവിധം ഈ ഗുഢസംഘം വളർന്ന്

വരുവാനും സാധാരണക്കാരനും പാവപ്പെട്ടവനും ജന്മനാട്ടിൽ നിന്ന് ആട്ടിയോടിക്കപ്പെടാനും സമ്പന്നരുടെ ഒരു പുതിയ സാമൂഹ്യക്രമം രൂപപ്പെടുവാനും ഇതിടയാക്കും.

ദേശീയ പരിസ്ഥിതി നയത്തിനനുസരിച്ച് ഓരോ സംസ്ഥാനവും ഭൂവിനിയോഗ നയവും നിയമവും ആവിഷ്ക്കരിക്കേണ്ടതുണ്ട്. എന്നാൽ കേരളത്തിൽ നാളിതുവരെ ഭൂവിനിയോഗത്തെപ്പറ്റി നയമോ നിയമോ രൂപീകരിക്കപ്പെട്ടിട്ടില്ല. അതിനാൽ സമഗ്രവും ശാസ്ത്രീയവുമായ ഭൂവിനിയോഗ നയം അടിയന്തിരമായി രൂപീകരിക്കേണ്ടിയിരിക്കുന്നു. ഭക്ഷ്യ-തൊഴിൽ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ഉയർന്ന ഉല്പാദന ക്ഷമതയ്ക്കും കർഷകന്റെ ആദായം വർദ്ധിപ്പിക്കാനും പ്കൃതിയും ഭൂമിയും സംരക്ഷിക്കുവാനും ഉതകുന്ന രീതിയിലായിരിക്കണം ഭൂവിനിയോഗനയം രൂപീകരിക്കപ്പെടേണ്ടതെന്ന് ഗവൺമെന്റ് കരുതുന്നു.

## നയ ലക്ഷ്യങ്ങൾ

ഭൂപരിഷ്ക്കരണ നിയമവും ചട്ടങ്ങളും സംരക്ഷിച്ചുകൊണ്ട് ഫലപ്രദമായി നടപ്പിലാക്കുക

സംസ്ഥാനത്തിന്റെ പൊതുവായ നയങ്ങളുമായി പൊരുത്തപ്പെടുന്ന ഭൂനയം ആവിഷ്ക്കരിക്കുക

സംസ്ഥാനത്തിനനുയോജ്യമായ സമഗ്രവും, ശാസ്ത്രീയവുമായ ഭൂവിജ്ഞാനസംവിധാനം വികസിപ്പിക്കുക

ശാസ്ത്രീയ ഭൂവിനിയോഗ രീതികൾ ആവിഷ്ക്കരിക്കുക

സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി സംരക്ഷിക്കുകയും ഫലപ്രദവും, യുക്തിസഹവുമായ രീതിയിൽ ഉപയുക്തമാക്കുകയും ചെയ്യുക;

പാട്ടവ്യവസ്ഥകളിലെ അപാകതകൾ പരിഹരിക്കുക, വ്യവസ്ഥകൾ ലംഘിക്കുന്ന പാട്ടം റദ്ദാക്കി ഭൂമി തിരിച്ചെടുക്കുക.

ഭൂരഹിതരല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക;

ഭൂരഹിതർക്ക് ഒരു തുണ്ട് ഭൂമി ഒരു കൊച്ചു വീട് എന്ന സങ്കല്പം സാക്ഷാത്ക്കരിക്കുക.

ഭൂമിയിൽ നിന്നുള്ള റവന്യു വരുമാനം വർദ്ധിപ്പിക്കുക;

ആധുനിക സാങ്കേതിക സംവിധാനങ്ങളിലൂടെ സേവനമേഖല നവീകരിക്കുക;

അവശേഷിക്കുന്ന മിച്ചഭൂമി മുഴുവൻ ഏറ്റെടുത്ത് പൊതുകാര്യങ്ങൾക്ക് നീക്കിവെക്കുന്നതു കഴിച്ചുള്ള ഭൂമി അർഹരായവർക്ക് വിതരണം ചെയ്യുക;

മാനുഷിക പരിഗണനക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്ക് രൂപം നൽകുക.

ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്ന നടപടി സമയബന്ധിതമായി പൂർത്തിയാക്കുക.

01.01.1977 ന് മുമ്പുള്ള മുഴുവൻ മലയോര കർഷകർക്കും പട്ടയം വിതരണം ചെയ്യുക.

# നയ തത്വങ്ങളും പ്രായോഗിക രീതികളും

## ഭാഗം 1

## ഭൂവിജ്ഞാന - വിവര ശേഖരണ സംവിധാനവും ശാസ്ത്രീയ ഭൂവിനിയോഗ രീതികളും

അനിയന്ത്രിതവും നിയമ വിരുദ്ധവുമായ ഭൂവിനിയോഗം മൂലമുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങളേയും പ്രകൃതി ദുരന്തങ്ങളേയും അതിജീവിക്കുവാൻ ശാസ്ത്രീയ ഭൂവിനിയോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുകയും സമഗ്രമായ ഭൂവിജ്ഞാന-വിവര ശേഖരണ സംവിധാനം വികസിപ്പിച്ചെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഇനി പറയുന്ന നയപരിപാടികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

നിലവിലുള്ള ഭൂവിനിയോഗക്രമത്തെക്കുറിച്ച് പഠനം നടത്തുകയും, അപഗ്രഥിക്കുകയും ചെയ്യും.

സർക്കാരിന്റെയും സർക്കാർ ഇതര ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഭൂവിനിയോഗത്തിൽ പൊതുജനങ്ങളുടെ പ്രവർത്തനം ഉറപ്പുവരുത്താൻ ഉതകുന്ന യുക്തമായ വേദി സൃഷ്ടിക്കും.

നദികളുടേയും കായലുകളുടേയും നീർത്തടങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ഫലപ്രദമായ വിനിയോഗത്തിനും സംരക്ഷണത്തിനും 'തണ്ണീർത്തട വിവരശേഖരണ സംവിധാന' (Wetland Information System) വും 'തണ്ണീർത്തട പരിപാലന സംവിധാന' (Wetland Management System) വും രൂപീകരിക്കും.

നദികൾ, കായലുകൾ, തോടുകൾ, ജലാശയങ്ങൾ തുടങ്ങിയവ മലിനീകരണത്തിന് നിന്ന് മുക്തമാക്കും.

സുസ്ഥിര ഭൂവിനിയോഗത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാനതല പരിശീലനകേന്ദ്രമായി ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിക്കും.

ഭൗമശാസ്ത്ര പഠനകേന്ദ്ര (CESS) ത്തിന്റെ സഹോയത്തോടെ ഈ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും.

ഭൂമിയുടെ പരിവർത്തനം കർശനമായി നിയന്ത്രിക്കും.

ഭൂവിനിയോഗ രംഗത്ത് പകരം പ്രയോഗിക്കാവുന്ന സാങ്കേതിക വിദ്യകൾ വികസിപ്പിക്കും.

കേരളത്തിന്റെ ഭൂപ്രദേശത്തെ വിവിധ ഭൂമേഖലകളായി (Land Zones) വേർതിരിച്ച് അനുയോജ്യമായ ഭൂവിനിയോഗ രീതികൾ ആവിഷ്ക്കരിക്കും.

ഭൂവിനിയോഗമേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുകയും ഭൂവിനിയോഗത്തിൽ കാലാകാലങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുവാനും ഉപദേശിക്കുവാനുമായി സംസ്ഥാന തലത്തിൽ ഒരു സമിതി രൂപീകരിക്കുകയും ചെയ്യും.

ജില്ലകളിൽ ഭൂവിനിയോഗ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, അവലോകനം ചെയ്യുന്നതിനും ജില്ലാതല അവലോകന സമിതികൾ രൂപീകരിക്കും.

അനിയന്ത്രിതമായ മണൽ വാരൽ, മണലൂറ്റൽ, ചെളിയെടുക്കൽ, കുന്നിടിക്കൽ, പാറ പൊട്ടിക്കൽ, വയലുകളിലും ജലാശയങ്ങളിലും ഉള്ള അനധികൃത കയ്യേറ്റം എന്നിവ തടയാനും കായൽ നദീതീര സംരക്ഷണം ഉറപ്പുവരുത്താനുമുള്ള നിയമ നിർമ്മാണങ്ങളോടൊപ്പം ഇവ സംരക്ഷിക്കപ്പെടേണ്ട ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാനുമുള്ള പ്രവർത്തനങ്ങൾ നടത്തും.

സംസ്ഥാനത്തെ നദികളും ജലസ്രോതസ്സുകളും (നീർചാലുകൾ, കായലുകൾ, ശുദ്ധജലതടാകങ്ങൾ, അഴിമുഖപ്രദേശങ്ങൾ, പൊയ്കകൾ, ചതുപ്പുനിലങ്ങൾ തുടങ്ങിയവ) സംരക്ഷിത മേഖലകളായി നിയമംമൂലം പ്രഖ്യാപിക്കും. സംരക്ഷിത മേഖലയിൽ കയ്യേറ്റം ചെയ്യുന്നതോ നികത്തുന്നതോ മണൽ ഖനനം നടത്തുന്നതോ മലീസമാക്കുന്നതോ ആയ ഏതു പ്രവർത്തിയും നിയമംമൂലം നിരോധിക്കുന്നതും ശിക്ഷാർഹമാക്കുന്നതുമാണ്.

കടൽഭിത്തികൾ, പുലിമുട്ടുകൾ എന്നിക്കു പുറമേ ജൈവസംരക്ഷണ രീതികൾ, മറ്റു രാജ്യങ്ങൾ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ കൂടി ഉപയോഗിച്ചുകൊണ്ട് തീരദേശ സംരക്ഷണം ഉറപ്പുവരുത്തുകയും കടലോര മേഖലയിലെ കയ്യേറ്റങ്ങൾ അനധികൃത ഭൂമിയിടപാടുകളും കർശനമായി നിയന്ത്രിക്കുകയും ചെയ്യും.

ഭൂമിശാസ്ത്രപരമായോ, പാരിസ്ഥിതികമായോ, കാലാവസ്ഥപരമായോ, ചരിത്രപരമായോ, പൗരാണികമായോ, സംവേദനക്ഷമമായ പ്രദേശങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും, തനിമ നിലനിർത്തുന്നതിനും, സുസ്ഥിര വികസനം സാദ്ധ്യമാക്കുന്നതിനുംവേണ്ടി അത്തരം പ്രദേശങ്ങൾ സംരക്ഷിത പ്രദേശങ്ങളായി നിലനിർത്തും.

നെൽപ്പാടങ്ങളുടെ സംരക്ഷണാർത്ഥം സംസ്ഥാനത്തെ വ്യത്യസ്ത നെൽവയൽ മേഖലകളും പാടശേഖരങ്ങളും, നെല്ലുല്പാദനപ്രദേശങ്ങളായി പ്രഖ്യാപിക്കും. ഈ നെൽപ്പാടങ്ങൾ നികത്തുന്നതും പരിവർത്തനം ചെയ്യുന്നതും പരിപൂർണ്ണമായി നിരോധിക്കും. വിവിധ ജലസേചന പദ്ധതികളുടെ കീഴിൽ വരുന്ന നെൽവയലുകളും പാടശേഖരങ്ങളും നികത്താനോ പരിവർത്തനം ചെയ്യാനോ അനുമതി നൽകുകയില്ല.

തരിശുഭൂമി വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും

കണ്ടൽക്കാടുകൾ, പൈതൃക പ്രാധാന്യമുള്ള പാറകൾ, കാവുകൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണം ഉറപ്പു വരുത്തും.

പാടശേഖരങ്ങളിലും, തണ്ണീർത്തടങ്ങളിലും വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ അവ ശാസ്ത്രീയവും പരിസ്ഥിതിക്ക് അനുയോജ്യവുമായിരിക്കുമെന്ന് ഉറപ്പു വരുത്തും.

ത്രിതല ഭരണ സമിതികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി നിയമത്തിലെ വ്യവസ്ഥകൾ പ്രാദേശിക തലത്തിൽ നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളേയും സന്നദ്ധ സംഘടനകളേയും ഉൾപ്പെടുത്തി പാരിസ്ഥിതിക സംരക്ഷണം ഉറപ്പു വരുത്തും.

## ഭാഗം 2
## സർക്കാർ ഭൂമിയുടെ സംരക്ഷണവും സേവന നവീകരണവും

സംസ്ഥാനത്തിന്റെ പൊതുസ്വത്തുക്കളുടെ സംരക്ഷകൻ എന്ന നിലയിൽ ഭൂമിയുടെ പരിപാലനം സർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത് എന്നതിനാൽ ഇനി പറയുന്ന നിയമപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നു.

ഭൂപരിഷ്ക്കരണ നിയമവും ചട്ടങ്ങളും ലംഘിച്ചുകൊണ്ടുള്ള ഭൂമി കൈമാറ്റങ്ങൾ തടയുന്നതിന് കർശന നിലപാടുകൾ സ്വീകരിക്കും.

പുറമ്പോക്ക് ഭൂമി, പാട്ടത്തിന് നൽകിയിട്ടുള്ള റവന്യൂ ഭൂമി ബോട്ട്-ഇൻ-ലാന്റ് (റവന്യൂ റിക്കവറി നിയമപ്രകാരമുള്ളവ), മിച്ച ഭൂമി, ഉപയുക്തമാക്കാത്ത പൊന്നുംവിലക്കെടുത്ത ഭൂമി, അന്യംനിന്ന ഭൂമി എന്നിങ്ങനെ വിവിധ തരത്തിൽ സർക്കാരിന്റെ കൈവശത്തിലുള്ള ഭൂമി സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിക്കും.

പട്ടണപ്രദേശങ്ങളിലെ റവന്യൂ ഭൂമി ഫലപ്രദമായി ഉപയുക്തമാക്കുന്നതിന് അനിയോജ്യവും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാനുതകുന്നതുമായ രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

അന്യസംസ്ഥാനങ്ങളിലുള്ള സംസ്ഥാന സർക്കാരിന്റെ പൊതുസ്വത്ത് സംരക്ഷിക്കുകയും ഫലപ്രദമായി വിനിയോഗിക്കുയും ചെയ്യു.

മിച്ചഭൂമി കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് മിച്ചഭൂമി ഏറ്റെടുക്കും.

റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി 01.01.1977 ന് മുമ്പുള്ള മുഴുവൻ മലയോര കർഷകർക്ക് പട്ടയം വിതരണം ചെയ്യും.

ഭൂരഹിതർക്കും കിടപ്പാടമില്ലാത്തവർക്കും, സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്കും ഭൂമിയും വീടും നൽകും.

ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്ന നടപടി സമയബന്ധിതമായി നടപ്പാക്കും.

ആദിവാസി കുടുംബങ്ങൾക്ക് നൽകുന്ന സർക്കാർ ഭൂമി കൈമാറാതിരിക്കാനും കയ്യേറപ്പെടാതിരിക്കുന്നതിനും കർശന നടപടികൾ സ്വീകരിക്കും.

റീ സർവ്വേ പ്രവർത്തനങ്ങൾ മൂന്നു വർഷത്തിനുള്ളിൽ പൂർത്തിയാക്കും.

റവന്യൂ വകുപ്പിന് തനതായ ഒരു വെബ് സൈറ്റ് ആരംഭിക്കും.

പൊതുജനങ്ങളുടെ അന്വേഷണങ്ങൾക്കും, സംശയ ദൂരീകരണത്തിനും, പരാതികൾ ബൊധിപ്പിക്കുന്നതിനും ടോൾ ഫ്രീ സിറ്റിസൺ കാൾ സെന്റർ സ്ഥാപിക്കും.

സംസ്ഥാനത്ത് റവന്യൂ ഓഫീസുകൾ സമ്പൂർണ്ണമായി കംപ്യൂട്ടർവത്ക്കരിക്കുകയും ഭൂമി സംബന്ധമായ എല്ലാ രേഖകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ടട്ട് സ്ക്രീൻ ബൂത്തുകൾ സ്ഥാപിച്ച് ഭൂരേഖകൾ പരിശോധിക്കാനും ആവശ്യക്കാർക്ക് രേഖകളുടെ പകർപ്പ് എടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.

കേരള സംസ്ഥാന റവന്യൂ മാനുവൽ കാലാനുസൃതമായി പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കും.

റവന്യൂ, റജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ പ്രവർത്തനം പരസ്പരം ബന്ധിപ്പിക്കുകയും ഏകോപിതവും സേവനോന്മുഖവുമായ പ്രവർത്തനം കാഴ്ച വെക്കാൻ അവയെ സന്നദ്ധമാക്കുകയും ചെയ്യും.

ഓരോ പ്രദേശത്തേയും ഭൂമിയുടെ ന്യായവില (Fair Value) ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് കാലാകാലങ്ങളിൽ പുനർനിർണ്ണയിക്കും.

നിയമവിരുദ്ധമായി ഭൂമി വാങ്ങി കൂട്ടുന്നതിനെയും ഭൂസ്വത്ത് കയ്യടക്കുന്നതിനേയും കർശനമായി തടയാൻ നിയമ നിർമ്മാണമുൾപ്പെടെയുള്ള നടപടികൾ ആവിഷ്ക്കരിക്കും.

പട്ടണപ്രദേശങ്ങളിലെ റവന്യൂ ഭൂമി ഫലപ്രദമായി ഉപയുക്തമാക്കുന്നതിന് അനുയോജ്യവും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാനുതകുന്നതുമായ രീതിയിലുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

ഭാവിയിൽ വ്യവസായങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ ഭൂമി അനുവദിക്കുമ്പോൾ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കർശന വ്യവസ്ഥകൾ പ്രകാരം മാത്രമായിരിക്കും അനുവദിക്കുക.

തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും തോട്ടങ്ങൾ തുണ്ടു തുണ്ടാക്കി വിൽക്കുന്നതും, മറ്റാവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തുന്നതും കർശനമായി തടയും.

വ്യക്തമായ മനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന പാട്ടത്തുക കൃത്യമായി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കും. പാട്ടവ്യവസ്ഥകൾ പാലിക്കാത്തവരുടെ പാട്ടം റദ്ദാക്കി ഭൂമി സർക്കാരിലേക്ക് തിരിച്ചെടുക്കും. പാട്ടവ്യവസ്ഥകളിലെ അപാകതകൾ പരിഹരിക്കുകയും പാട്ടനിരക്കുകൾ തുടങ്ങിയ വിവിധതരം നികുതികളും ഫീസുകളും കാലോചിതമായി പരിഷ്ക്കരിക്കും.

മിച്ചഭൂമി സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും കേസുകൾ തീർപ്പുകൽപ്പിക്കുന്നതിലെ കാലവിളംബം ഒഴിവാക്കുന്നതിനും അർഹതപ്പെട്ടവർക്കുള്ള ഭൂമി വിതരണം ത്വരിതപ്പെടുത്തുന്നതിനും ഭൂപരിഷ്ക്കരണ നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം റിവ്യൂ ബോർഡ് രൂപീകരിക്കും.

പുറമ്പോക്ക് ഭൂമി കയ്യേറ്റങ്ങളിൽ നിന്ന് മുക്തമാക്കും, പുറമ്പോക്ക് ഭൂമിയിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും വൃക്ഷങ്ങളിൽ നിന്നുള്ള ആദായം വർഷംതോറും ലേലം ചെയ്ത് വിൽക്കുകയും ചെയ്യും. വിവിധ സർക്കാരോഫീസ് കോമ്പൗണ്ടുകളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ ഫലവൃക്ഷങ്ങളും, മരുന്നുചെടികളും നട്ടുപിടിപ്പിക്കും.

റവന്യൂ ഓഫീസുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അവിടങ്ങളിൽ പൊതുജനസൗഹൃദ സേവനം ഉറപ്പുവരുത്തുകയും ചെയ്യും.

റവന്യൂ ജീവനക്കാരുടെ കാര്യക്ഷമതയും സേവനസൗകര്യവും മെച്ചപ്പെടുത്തും.

ചരിത്രപ്രാധാന്യമുള്ള സർക്കാർ കെട്ടിടങ്ങൾ സംരക്ഷിത സ്മാരകങ്ങളായി നിലനിർത്തും.

തിരുവിതാംകൂറിലെയും, കൊച്ചിയിലെയും മലബാറിലെയും ചരിത്രപ്രാധാന്യമുള്ള പഴയ റവന്യൂ റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

## സംഗ്രഹണം

ഭൂമിയും പ്രകൃതി സമ്പത്തും വിലപിടിച്ച പൊതുസ്വത്താണ്. അത്യാഗ്രഹം കൂടാതെ അതിനെ അനുഭവിക്കമമെന്നാണ് പൗരാണിക സംസ്കൃതി നമ്മെ പഠിപ്പിച്ചത്. പരിപാലിക്കുന്നതോടൊപ്പം വരും തലമുറക്ക് കൂടി ഉപകാരമാകുന്ന രീതിയിൽ പ്രകൃതി സമ്പത്ത് അമിത ചൂഷണത്തിൽ നിന്നും നശീകരണപ്രവർത്തനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടണം. ഇതിനുള്ള പ്രാഥമിക ചുമതലയും അധികാരവും നിക്ഷിപ്തമായിരിക്കുന്നത് ഭരണാധികാരികളിലാണ്. അതിനാൽ ഭൂമിയുടെ വിനിയോഗത്തെ സംബന്ധിച്ച് വികസനത്തിലധിഷ്ഠിതമായി കാഴ്ചപ്പാടും, നയവും രൂപീകരിക്കേണ്ടിയിരിക്കുന്നു.

പുരാതനകാലത്തെ കേരളത്തിൽ ഭരണാധികാരികൾക്ക് ഭൂമിയിൽ ഏതൊരവകാവും ഉണ്ടായിരുന്നില്ല. ഈ നാട്ടിലെ വനവും നദിയും പോലും സ്വകാര്യ സമ്പത്തായിരുന്നു. തിരുവിതാംകൂറിലോ, കൊച്ചിയിലോ, മലബാറിലോ ഭൂമിയുടെ

യഥാർത്ഥ ഉടമകൾ ജനങ്ങളോ അധികാരികളോ ആയിരുന്നില്ല. പ്രത്യുത, ജന്മിമാർ ഉൾപ്പെടെയുള്ള ഇടത്തട്ടുകാരായിരുന്നു ഭൂമിയുടെ കൈകാര്യകർത്താക്കൾ. ഇതിനെതിരെ ഉയർന്നുവന്ന ശക്തമായ പ്രക്ഷോഭങ്ങളും പ്രതിഷേധങ്ങളുമാണ് ഭൂപരിഷ്ക്കാരങ്ങൾക്ക് തുടക്കമിട്ടത്. തുടർന്ന് ഭൂപരിഷ്ക്കരണമെന്ന കാഴ്ചപ്പാട് ശക്തിപ്പെടുകയും ഐക്യകേരള പിറവിയോടെ ഏകീകൃത രൂപത്തിലുള്ള ഭൂപരിഷ്ക്കരണത്തിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

1979 ൽ തുടങ്ങിവെച്ച ഭൂപരിഷ്ക്കരണം അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുക എന്ന ലക്ഷ്യം കൈവരിക്കുകയാണ് ഈ സർക്കാരിന്റെ പ്രാഥമിക പരിഗണന. അതിനനുസൃതമായി അവശേഷിക്കുന്ന മിച്ചഭൂമി മുഴുവൻ ഏറ്റെടുക്കാൻ നടപടികളാരംഭിച്ചു കഴിഞ്ഞു. അതോടൊപ്പം സംസ്ഥാനത്തിന്റെ പൊതുസ്വത്ത് സംരക്ഷിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാരിനുള്ളത്. സംസ്ഥാനത്തിന്റെ മണ്ണും, വെള്ളവും പ്രകൃതി വിഭവങ്ങളും സംരക്ഷിക്കുവാനും, അവ നശിപ്പിക്കുവാനോ കയ്യേറാനോ ചൂഷണത്തിനിരയാക്കാനോ ആരേയും അനുവദിക്കുകയില്ല എന്ന് പ്രഖ്യാപിക്കുവാനും അനധികൃത കയ്യേറ്റങ്ങളും മാഫിയ ഇടപാടുകളും അവസാനിപ്പിച്ചുകൊണ്ട് ഭൂരഹിതരായ പാവപ്പെട്ടവർക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതികളും വികസന കാഴ്ചപ്പാടുകളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രതിജ്ഞാബദ്ധത വെളിവാക്കുകയാണ് ഈ ഭൂനയം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഈദൃശ കാഴ്ചപ്പാടോടെ തയ്യാറാക്കിയ സംസ്ഥാന ഭൂനയത്തിന്റെ കരട് രൂപമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ കരട് നയരേഖ എല്ലാവരുടെയും സജീവ ചർച്ചകൾക്ക് വിഷയീഭവിക്കേണ്ടതും മികവുറ്റ നയം ആവിഷ്ക്കരിക്കുവാൻ കൂടുതൽ നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകാണ്ടുള്ള സമഗ്ര നയ സമീപന രേഖയ്ക്ക് രൂപം നൽകണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതൊടൊപ്പം നയങ്ങളുടെ വിശാലമായ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ആവശ്യമായ നിയമനിർമ്മാണങ്ങളുൾപ്പെടെ നടത്തിക്കൊണ്ട് അവയുടെ ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റാനുതകുന്ന വിവിധ കർമ്മ പദ്ധതികൾക്ക് രൂപം നൽകുകയും വേണം.

താലൂക്ക് വികസന സമിതി വില്ലേജ് സഭ, ജനകീയ അദാലത്തുകൾ തുടങ്ങിയ ജനകീയ പങ്കാളിത്തവും ജീവനക്കാരുടെ പ്രതിബദ്ധതയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഈ നയം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാനുള്ള സഹകരണം അഭ്യർത്ഥിക്കുന്നു.

**കെ.പി. രാജേന്ദ്രൻ**
റവന്യൂ വകുപ്പ് മന്ത്രി